# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5254

23-05-2017 ൽ മറുപടിയ്ക്ക്

## നെല്ലിന്റെയും നാളികേരത്തിന്റെയും താങ്ങുവില

**ചോദ്യം**
ശ്രീ.എം. സ്വരാജ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെല്ലിന്റെയും നാളികേരത്തിന്റെയും താങ്ങുവില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 10/11/2016 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 19/2016 പ്രകാരം, സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 21.50 രൂപ എന്നത് 22.50 രൂപ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഇവയുടെ സംഭരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ? | (ബി) | കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യപൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതി. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില (നിലവിൽ കിലോയ്ക്ക് 14.70 രൂപ) കേരളത്തിലെ ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായതിനാൽ സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയ്ക്കാണ് (നിലവിൽ കിലോയ്ക്ക് 22.50 രൂപ) നെല്ല് സംഭരിക്കുന്നത്. പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നെല്ലിന് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾ സർക്കാർ |

നിഷ്കർഷിച്ചിട്ടുണ്ട്. നെല്ല് സംഭരണ പദ്ധ യിൽ പങ്കെടുക്കുന്നതിന് കർഷകർ വിള കഴിഞ്ഞ് രണ്ട് മാസത്തിനുള്ളിൽ ഓൺലൈ സംവിധാനത്തിലൂടെ സപ്ലൈകോയ് അപേക്ഷ നൽകണം. സപ്ലൈകോയു ഉടമ്പടി വച്ചിട്ടുള്ള മില്ലുകാർ ഗുണനിലവാ മാനദണ്ഡങ്ങൾ പാലിക്കുന്ന നെ സംഭരിക്കുകയും കർഷകർക്ക് നെല്ലിന്റെ വി സപ്ലൈകോയിൽ നിന്നും വിതരണം ചെയ്യുക ചെയ്യുന്നു.

നാളികേരത്തിന് താങ്ങുവില നൽകി കർഷകരിൽ നിന്നും നാളികേരം സംഭരിക്കുന്ന പദ്ധതി കേരഫെഡ് പുനരാരംഭിച്ചിട്ടുണ്ട് നിലവിലുണ്ടായിരുന്ന കൃഷിഭവനുകളും സന്നദ്ധരായ കേരഫെഡ് അംഗ സംഘങ്ങൾ വഴിയും നാളികേര ഉത്പാദക കമ്പനികളും വഴി സംഭരണ പദ്ധതി വിപുലപ്പെടുത്തുന്നതിനാ വശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ